ഭരണഭാഷ മാതൃഭാഷ

പി 3/30245/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 14/12/2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജി.എസ്.ടി. നിയമം - റ്റി.ഡി.എസ് ഈടാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 13/09/2018 -ലെ കേന്ദ്ര നികുതി വകുപ്പിന്റെ 502/2018 നമ്പർ നോട്ടിഫിക്കേഷൻ.

*********

ജി.എസ്.ടി നിയമത്തിലെ വകുപ്പ് 51, 52 പ്രകാരം റ്റി.ഡി.എസ്. ഈടാക്കുന്നത് 01/10/2018 മുതൽ പ്രാബല്യത്തിൽ വന്നതായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചിട്ടുണ്ട്. രണ്ടര ലക്ഷത്തിന് മുകളിൽ മൂല്യമുള്ള സാധനങ്ങൾ വാങ്ങുകയോ, സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്ന ഈ കാര്യാലയത്തിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും 01 % എസ്.ജി.എസ്.ടി -യും 01 % സി.ജി.എസ്.ടി യും ചേർത്ത് 2 % ജി.എസ്.ടി. ഈടാക്കേണ്ടതും റ്റി.ഡി.എസ്. പിടിച്ച് സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതുമാണ്. ജി.എസ്.ടി. രജിസ്ട്രേഷൻ, റ്റി.ഡി.എസ് ഡിഡക്ഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് തിരുവനന്തപുരം കരമന ടാക്സ് ടവറിലെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പുമായി ബന്ധപ്പെടേണ്ടതാണ്. (വെബ് പോർട്ടൽ : www.gst.gov.in (സ്ഥാപനത്തിന്റെ പേരിൽ PAN എടുത്ത് ജി.എസ്.ടി. പോർട്ടലിൽ choose services – registration-new registration)

ഒപ്പ്/-
ഹരിത.വി.കുമാർ. ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-
1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
2. അക്കൗണ്ട്സ് ജെ സെക്ഷൻ
3. എല്ലാ സ്ഥാപന മേധാവികൾക്കും
4. സിസ്റ്റം മാനേജർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.ടി. 14/12/18

GOVERNMENT OF KERALA 2017-18